**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 4** **08-08-2023 - ൽ മറുപടിയ്ക്ക്**

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയരുന്നതിനാൽ ജനജീവിതം ദു:സ്സഹമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | രാജ്യമെങ്ങും ഉണ്ടായ വലിയ വിലക്കയറ്റത്തിന്റെ പ്രതിഫലനം സ്വാഭാവികമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലും ഉണ്ടായിട്ടുണ്ട്. എന്നാൽ രാജ്യത്തെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വിലക്കയറ്റം സംസ്ഥാനത്ത് താരതമ്യേന കുറവാണെന്ന് കാണാം.<br><br>വിലക്കയറ്റമുണ്ടാകുമ്പോൾ ഒരു സർക്കാരിന് ചെയ്യാൻ കഴിയുന്നത് വിപണിയിൽ ശക്തമായി ഇടപെടുക എന്നതാണ്. 13 ഇനം അവശ്യസാധനങ്ങൾ 2016 ഏപ്രിൽ മാസത്തെ വിലയ്ക്ക് നൽകി വരുന്നത് ഇതിന്റെ ഭാഗമായാണ്. സപ്ലൈകോ വഴിയുള്ള ഇത്തരം വിപണി ഇടപെടലിലൂടെ മാത്രം സംസ്ഥാനസർക്കാരിന് പ്രതിവർഷം ശരാശരി 315 കോടി രൂപ ചെലവ് വരുന്നു. മേൽ പരാമർശിച്ച 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ നിശ്ചിത അളവിൽ പൊതുവിപണിയിൽ നിന്നും വാങ്ങുന്നതിന് 1383/- രൂപ നൽകേണ്ടി വരുമ്പോൾ, സപ്ലൈകോ വിൽപ്പനശാലകളിൽ ഇത് കേവലം 756/- രൂപയ്ക്ക് ലഭിക്കുന്നു. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു വിപണി ഇടപെടൽ നടക്കുന്നില്ല.<br><br>പ്രതിമാസം ശരാശരി 35 മുതൽ 40 ലക്ഷം കാർഡുടമകൾ സപ്ലൈകോയുടെ വിപണി ഇടപെടലിന്റെ (സബ്സിഡി) ആനുകൂല്യം കൈപ്പറ്റുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. ഇതിനുപുറമെ ഉത്സവ സീസണുകളിൽ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾക്കായി ഫെയറുകൾ സർക്കാർ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകളുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് |

ലഭ്യമാക്കുന്നതിനായി 285 വിൽപ്പനശാലകൾ നവീകരിക്കുകയുണ്ടായി.

സഞ്ചരിക്കുന്ന റേഷൻഷോപ്പുകളുടെ സേവനം സംസ്ഥാനത്തെ 136 ആദിവാസി ഊരുകളിലേക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

എൻ.എഫ്.എസ്.എ നിയമ പ്രകാരമുള്ള ടാർജറ്റഡ് പബ്ലിക്ക് ഡിസ്ട്രിബ്യൂഷൻ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ വലിയൊരു വിഭാഗം റേഷൻ ആനുകൂല്യങ്ങൾക്ക് പുറത്തായി. കേവലമൊരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ 57% വരുന്ന ജനവിഭാഗം റേഷൻ സംവിധാനത്തിന് പുറത്തായത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. എന്നാൽ കേരളത്തിലെ എല്ലാ റേഷൻ കാർഡുടമകൾക്കും കഴിയുന്ന തോതിൽ ഭക്ഷ്യവിതരണം നടത്തുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നത്. ഈ ഓണക്കാലത്ത് സംസ്ഥാനത്തെ നീല, വെള്ള കാർഡുടമകൾക്ക് 5 Kg അരി സ്പെഷ്യലായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മറ്റ് വകുപ്പ മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവരുമായി യോഗം ചേരുകയും വില വർദ്ധനവ് പിടിച്ചു നിർത്തുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നല്കുകയും ചെയ്തു. ഈ യോഗത്തെ തുടർന്ന് മന്ത്രിതലത്തിൽ മൊത്ത വ്യാപാരി പ്രതിനിധികളെ വിളിച്ചു ചേർക്കുകയും കരിഞ്ചന്ത-പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് കർശന നിർദ്ദേശം നല്കുകയും ചെയ്തു. തുടർന്ന് ഈ വിഷയത്തിലെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നുമുണ്ട്.

ടി യോഗങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ 14 ജില്ലകളിലും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനും വിലവിവരപട്ടിക പ്രദർശിപ്പിക്കുന്നതിനും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ, ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവരും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരും പൊതുവിപണിയിൽ വിപുലമായ പരിശോധനകൾ

| | | | |
|---|---|---|---|
| | | | നടത്തുകയും 760 ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടത്തിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഫലപ്രദമായി ഇടപെടാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (ബി) | രാജ്യമെങ്ങും ഉണ്ടായ വലിയ വിലക്കയറ്റത്തിന്റെ പ്രതിഫലനം സ്വാഭാവികമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലും ഉണ്ടായിട്ടുണ്ട്. എന്നാൽ രാജ്യത്തെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വിലക്കയറ്റം സംസ്ഥാനത്ത് താരതമ്യേന കുറവാണെന്ന് കാണാം.<br><br>വിലക്കയറ്റമുണ്ടാകുമ്പോൾ ഒരു സർക്കാരിന് ചെയ്യാൻ കഴിയുന്നത് വിപണിയിൽ ശക്തമായി ഇടപെടുക എന്നതാണ്. 13 ഇനം അവശ്യസാധനങ്ങൾ 2016 ഏപ്രിൽ മാസത്തെ വിലയ്ക്ക് നൽകി വരുന്നത് ഇതിന്റെ ഭാഗമായാണ്. സപ്ലൈകോ വഴിയുള്ള ഇത്തരം വിപണി ഇടപെടലിലൂടെ മാത്രം സംസ്ഥാനസർക്കാരിന് പ്രതിവർഷം ശരാശരി 315 കോടി രൂപ ചെലവ് വരുന്നു. മേൽ പരാമർശിച്ച 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ നിശ്ചിത അളവിൽ പൊതുവിപണിയിൽ നിന്നും വാങ്ങുന്നതിന് 1383/- രൂപ നൽകേണ്ടി വരുമ്പോൾ, സപ്ലൈകോ വിൽപ്പനശാലകളിൽ ഇത് കേവലം 756/- രൂപയ്ക്ക് ലഭിക്കുന്നു. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു വിപണി ഇടപെടൽ നടക്കുന്നില്ല.<br><br>പ്രതിമാസം ശരാശരി 35 മുതൽ 40 ലക്ഷം കാർഡുടമകൾ സപ്ലൈകോയുടെ വിപണി ഇടപെടലിന്റെ (സബ്സിഡി) ആനുകൂല്യം കൈപ്പറ്റുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. ഇതിനുപുറമെ ഉത്സവ സീസണുകളിൽ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾക്കായി ഫെയറുകൾ സർക്കാർ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകളുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 285 വിൽപ്പനശാലകൾ നവീകരിക്കുകയുണ്ടായി.<br><br>സഞ്ചരിക്കുന്ന റേഷൻഷോപ്പുകളുടെ സേവനം സംസ്ഥാനത്തെ 136 ആദിവാസി ഊരുകളിലേക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>എൻ.എഫ്.എസ്.എ നിയമ പ്രകാരമുള്ള ടാർജറ്റഡ് പബ്ലിക്ക് ഡിസ്ട്രിബ്യൂഷൻ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ വലിയൊരു വിഭാഗം റേഷൻ ആനുകൂല്യങ്ങൾക്ക് പുറത്തായി. കേവലമൊരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ 57% വരുന്ന ജനവിഭാഗം റേഷൻ സംവിധാനത്തിന് |

| | | | |
|---|---|---|---|
| | | | പുറത്തായത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. എന്നാൽ കേരളത്തിലെ എല്ലാ റേഷൻ കാർഡുടമകൾക്കും കഴിയുന്ന തോതിൽ ഭക്ഷ്യവിതരണം നടത്തുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നത്. ഈ ഓണക്കാലത്ത് സംസ്ഥാനത്തെ നീല, വെള്ള കാർഡുടമകൾക്ക് 5 Kg അരി സ്പെഷ്യലായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മറ്റു വകുപ്പ മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവരുമായി യോഗം ചേരുകയും വില വർദ്ധനവ് പിടിച്ചു നിർത്തുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നല്കുകയും ചെയ്തു. ഈ യോഗത്തെ തുടർന്ന് മന്ത്രിതലത്തിൽ മൊത്ത വ്യാപാരി പ്രതിനിധികളെ വിളിച്ചു ചേർക്കുകയും കരിഞ്ചന്ത-പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് കർശന നിർദ്ദേശം നല്കുകയും ചെയ്തു. തുടർന്ന് ഈ വിഷയത്തിലെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നുമുണ്ട്.<br><br>ടി യോഗങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ 14 ജില്ലകളിലും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനും വിലവിവരപട്ടിക പ്രദർശിപ്പിക്കുന്നതിനും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ, ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവരും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരും പൊതുവിപണിയിൽ വിപുലമായ പരിശോധനകൾ നടത്തുകയും 760 ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | വിലക്കയറ്റം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | രാജ്യമെങ്ങും ഉണ്ടായ വലിയ വിലക്കയറ്റത്തിന്റെ പ്രതിഫലനം സ്വാഭാവികമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലും ഉണ്ടായിട്ടുണ്ട്. എന്നാൽ രാജ്യത്തെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വിലക്കയറ്റം സംസ്ഥാനത്ത് താരതമ്യേന കുറവാണെന്ന് കാണാം.<br><br>വിലക്കയറ്റമുണ്ടാകുമ്പോൾ ഒരു സർക്കാരിന് ചെയ്യാൻ കഴിയുന്നത് വിപണിയിൽ ശക്തമായി ഇടപെടുക എന്നതാണ്. 13 ഇനം അവശ്യസാധനങ്ങൾ 2016 ഏപ്രിൽ മാസത്തെ വിലയ്ക്ക് നൽകി വരുന്നത് ഇതിന്റെ |

ഭാഗമായാണ്. സപ്ലൈകോ വഴിയുള്ള ഇത്തരം വിപണി ഇടപെടലിലൂടെ മാത്രം സംസ്ഥാനസർക്കാരിന് പ്രതിവർഷം ശരാശരി 315 കോടി രൂപ ചെലവ് വരുന്നു. മേൽ പരാമർശിച്ച 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ നിശ്ചിത അളവിൽ പൊതുവിപണിയിൽ നിന്നും വാങ്ങുന്നതിന് 1383/- രൂപ നൽകേണ്ടി വരുമ്പോൾ, സപ്ലൈകോ വിൽപ്പനശാലകളിൽ ഇത് കേവലം 756/- രൂപയ്ക്ക് ലഭിക്കുന്നു. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു വിപണി ഇടപെടൽ നടക്കുന്നില്ല.

പ്രതിമാസം ശരാശരി 35 മുതൽ 40 ലക്ഷം കാർഡുടമകൾ സപ്ലൈകോയുടെ വിപണി ഇടപെടലിന്റെ (സബ്സിഡി) ആനുകൂല്യം കൈപ്പറ്റുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. ഇതിനുപുറമെ ഉത്സവ സീസണുകളിൽ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾക്കായി ഫെയറുകൾ സർക്കാർ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകളുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 285 വിൽപ്പനശാലകൾ നവീകരിക്കുകയുണ്ടായി.

സഞ്ചരിക്കുന്ന റേഷൻഷോപ്പുകളുടെ സേവനം സംസ്ഥാനത്തെ 136 ആദിവാസി ഊരുകളിലേക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

എൻ.എഫ്.എസ്.എ നിയമ പ്രകാരമുള്ള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ വലിയൊരു വിഭാഗം റേഷൻ ആനുകൂല്യങ്ങൾക്ക് പുറത്തായി. കേവലമൊരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ 57% വരുന്ന ജനവിഭാഗം റേഷൻ സംവിധാനത്തിന് പുറത്തായത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. എന്നാൽ കേരളത്തിലെ എല്ലാ റേഷൻ കാർഡുടമകൾക്കും കഴിയുന്ന തോതിൽ ഭക്ഷ്യവിതരണം നടത്തുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നത്. ഈ ഓണക്കാലത്ത് സംസ്ഥാനത്തെ നീല, വെള്ള കാർഡുടമകൾക്ക് 5 Kg അരി സ്പെഷ്യലായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മറ്റു വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവരുമായി യോഗം ചേരുകയും വില

| | | | |
|---|---|---|---|
| | | | വർദ്ധനവ് പിടിച്ചു നിർത്തുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നല്കുകയും ചെയ്തു. ഈ യോഗത്തെ തുടർന്ന് മന്ത്രിതലത്തിൽ മൊത്ത വ്യാപാരി പ്രതിനിധികളെ വിളിച്ചു ചേർക്കുകയും കരിഞ്ചന്ത-പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് കർശന നിർദ്ദേശം നല്കുകയും ചെയ്തു. തുടർന്ന് ഈ വിഷയത്തിലെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നുമുണ്ട്.<br><br>ടി യോഗങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ 14 ജില്ലകളിലും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനും വിലവിവരപട്ടിക പ്രദർശിപ്പിക്കുന്നതിനും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ, ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവരും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരും പൊതുവിപണിയിൽ വിപുലമായ പരിശോധനകൾ നടത്തുകയും 760 ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ